milma

Malabar Regional Co-operative Milk Producers' Union Ltd.
Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

MRU:P&I:315:S.com:2025-26: 272 16.07.2025

സർക്കുലർ 1056/2025

വിഷയം :- കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻ ലിമിറ്റഡിലെ (മിൽമ ഫെഡറേഷനിലെ) സൊസൈറ്റി ക്വാട്ട നിയമനത്തിനായുള്ള നിയമന ചട്ട ഭേദഗതി സംബന്ധിച്ച്.

സൂചന :- 1) 14.01.2011 തിയ്യതിയിലെ G.O. (P) No. 19/2011/AD സർക്കാർ ഉത്തരവ്.
2) 13.06.2025 തിയ്യതിയിലെ G.O. (P) No. 13/2025/DD സർക്കാർ ഉത്തരവ്.
3) 10.07.2025 തിയ്യതിയിലെ DDDKER/2116/2024-C1-ാം നമ്പർ കത്ത്.

മേൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷന്റെ നിയമന ചട്ടങ്ങൾ 2011-ൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനും, കേരള സർക്കാരും അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. ടി ഉത്തരവിലെ നിയമന ചട്ടങ്ങൾ, ഭേദഗതി വരുത്തിക്കൊണ്ട് മേൽ സൂചന (2) പ്രകാരം കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻ നിയമന (ഭേദഗതി) ചട്ടങ്ങൾ 2025 എന്ന പേരിൽ സർക്കാർ ഉത്തരവ് അസാധാരണ ഗസറ്റിന്റെ വാല്യം 14 ലെ 2267-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽ സൂചന കത്ത് (3) പ്രകാരം കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷന്റെ നിയമന ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ള വിവരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങൾ, ചട്ടം 187 പ്രകാരം മേഖലാ യൂണിയനിൽ അംഗങ്ങളായിട്ടുള്ള പ്രാഥമിക ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ ജീവനക്കാർക്ക് മേഖലാ യൂണിയനുകളിലെ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുമ്പോൾ 50% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതേ രീതിയിൽ സൂചന (2) സർക്കാർ വിജ്ഞാപന പ്രകാരം കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിലും (കെ.സി.എം.എം.എഫ്) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (പി.എസ്.സി) മുഖാന്തിരം നിയമനം നടത്തുമ്പോൾ ആകെയുള്ള ഒഴിവുകളുടെ 50% മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ ജീവനക്കാർക്കൊപ്പം മേഖലാ യൂണിയനിൽ അംഗങ്ങളായ പ്രാഥമിക ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958 പ്രകാരമുള്ള സംവരണ ചട്ടങ്ങൾ, പ്രാഥമിക ക്ഷീര സംഘങ്ങളുടെ വിഭാഗത്തിൽ ബാധകമായിരിക്കും.

ഈ നിയമന ഭേദഗതി വിജ്ഞാപനം അംഗസംഘങ്ങളിലെ സ്ഥിരം ജീവനക്കാരായ എല്ലാവരേയും അറിയിക്കേണ്ടതിനായി താൽപ്പര്യപ്പെടുന്നു.

**മാനേജിംഗ് ഡയറക്ടർ**

യൂണിയന്റെ എല്ലാ അംഗ സംഘങ്ങൾക്കും

ഉള്ളടക്കം : 13.06.2025 തിയ്യതിയിലെ G.O. (P) No. 13/2025/DD സർക്കാർ ഉത്തരവ്.

പകർപ്പ് : (അറിവിലേയ്ക്കായി)

1. ജനറൽ മാനേജർ
2. സീനിയർ മാനേജർ, കോഴിക്കോട്/പാലക്കാട് ഡെയറി
3. എല്ലാ ഡെയറി മാനേജർമാർക്കും
4. മാനേജർ (പി ആന്റ് ഐ)
5. മാനേജർ (എം.ഐ.എസ് & എസ്)
6. മാനേജർ (ഫിനാൻസ്)
7. ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
8. പി&ഐ സബ് യൂണിറ്റ് മേധാവികൾ
9. ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
10. ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
11. പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
12. പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
13. www.mrcmpu.com/E-Stock Files

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut